പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .167 — 10.12.2012-ൽ മറുപടിക്ക്

## മത്സ്യബന്ധനയാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എസ്. ശർമ്മ<br>,,സി.കൃഷ്ണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള എഞ്ചിൻ വെരിഫിക്കേഷൻ പൂർത്തിയായോ; | (എ) | 18.11.2012 ന് പൂർത്തിയായി. |
| (ബി) | എത്ര വള്ളങ്ങളിലെ എൻജിനുകൾക്കാണ് ഇപ്രകാരം മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നത്; പെർമിറ്റ് നിഷേധിച്ചവ എത്ര; | (ബി) | സംസ്ഥാനത്തൊട്ടാകെ 24516 എഞ്ചിനുകൾ പരിശോധിച്ചതിൽ 22663 എഞ്ചിനുകൾക്കാണ് സംയുക്ത പരിശോധനയിൽ പെർമിറ്റ് നൽകുവാൻ ശുപാർശ ചെയ്തിട്ടുള്ളത്. ആകെ 1853 എഞ്ചിനുകൾക്കാണ് ഇപ്പോൾ പെർമിറ്റ് നിഷേധിച്ചിട്ടുള്ളത്. |
| (സി) | വെരിഫിക്കേഷൻ നടപടികളിൽ നിരവധി ക്രമക്കേടുകൾ ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (സി) | വെരിഫിക്കേഷനിൽ ക്രമക്കേടുകൾ ഉള്ളതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിലെ ചെട്ടികാട് കടപ്പുറത്ത് 136 എഞ്ചിനുകൾ ബന്ധപ്പെട്ട പരിശോധനാ കേന്ദ്രത്തിൽ ഹാജരാക്കാതെ രജിസ്ട്രേഷൻ മാത്രം നടത്തിയിട്ട് രജിസ്ട്രേഷന്റെ പേരിൽ പെർമിറ്റ് അനുവദിച്ച് നൽകണമെന്നുള്ള ആവശ്യമുന്നയിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.<br>സംയുക്ത പരിശോധന വേളയിൽ എഞ്ചിൻ ബന്ധപ്പെട്ട പരിശോധന കേന്ദ്രത്തിൽ നിർബന്ധമായും ഹാജരാക്കണമെന്നും അന്നേ ദിവസം ഹാജരാക്കാത്ത എഞ്ചിനുകൾക്ക് യാതൊരു കാരണവശാലും പെർമിറ്റ് നൽകുന്നതല്ലെന്നും വളരെ നേരത്തേ തന്നെ മത്സ്യത്തൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള യാനങ്ങൾ വ്യാജമായി പെർമിറ്റ് നേടുന്നതായ വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഒരു എൻജിന് പ്രതിമാസം എത്ര | (ഡി) | ഇത് സംബന്ധിച്ച് അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല. മണ്ണെണ്ണ വിതരണം നിലവിൽ സിവിൽ സപ്ളൈസ് വകുപ്പ് വഴിയാണ് നൽകുന്നത്. ഇപ്പോൾ ലഭിക്കുന്ന |

| | | | |
|---|---|---|---|
| | ലിറ്റർ മണ്ണെണ്ണ നൽകാനാണ് ഉദ്ദേശിക്കുന്നത്; ഇത് എത്ര ദിവസത്തേക്ക് മതിയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; | | മണ്ണെണ്ണ തീരെ അപര്യാപ്തമാണ്. ഒരാഴ്ചയുള്ള മത്സ്യബന്ധനത്തിനു പോലും തികയാറില്ല. സിവിൽ സപ്ളൈസ് വകുപ്പ് 100 മുതൽ 110 ലിറ്റർ വരെയാണ് പെർമിറ്റ് ഒന്നിന് വിതരണം ചെയ്യുന്നത്. എന്നാൽ 18/11/12 ന് നടന്ന സംയുക്ത എഞ്ചിൻ പരിശോധനയ്ക്ക് ശേഷം പെർമിറ്റുകൾക്ക് നൽകേണ്ട മണ്ണെണ്ണയുടെ തോത് നിശ്ചയിച്ച് നൽകിയിട്ടില്ല.<br>ഒരു എഞ്ചിൻ ദിവസേന 5 മണിക്കൂർ പ്രവർത്തിപ്പിക്കുവാൻ 30 ലിറ്റർ മണ്ണെണ്ണ എന്ന ക്രമത്തിൽ (മണിക്കൂർ ഒന്നിന് 6 ലിറ്റർ മണ്ണെണ്ണ) പ്രതിമാസം 25 ദിവസത്തെ ഫിഷിംഗിനായി 750 ലിറ്റർ മണ്ണെണ്ണ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണക്കുപുറമേ സബ്സിഡി നിരക്കിൽ<br>മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ